പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2325 — 20-06-2012 - ൽ മറുപടിയ്ക്ക്

## അങ്കമാലി നിയോജക മണ്ഡലത്തിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

| ചോദ്യം<br>ശ്രീ.ജോസ് തെറ്റയിൽ | മറുപടി<br>ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| --- | --- |
| (എ) മുൻ സർക്കാരിന്റെ കാലത്ത് അങ്കമാലി നിയോജക മണ്ഡലത്തിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കായി അനുവദിച്ച 11.50 കോടി രൂപയുടെ പുനരുദ്ധാരണ പ്രവൃത്തികൾ നീണ്ടുപോകുന്നതിന്റെ കാരണം വിശദമാക്കുമോ : | (എ) മുൻ സർക്കാരിന്റെ കാലത്ത് അങ്കമാലി നിയോജക മണ്ഡലത്തിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്ക് പുനരുദ്ധാരണത്തിനായി 'മിർപ' പദ്ധതിയിൽ ഉൾപ്പെടുത്തി 11.50 കോടി രൂപ അനുവദിച്ചത് 31 സ്കീമുകളുടെ സിവിൽ, ഇലക്ട്രിക്കൽ, മെക്കാനിക്കൽ ജോലികൾക്കായാണ്. ഇതിൽ 16 പ്രവൃത്തികളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിലെ 'മിർപ'യിൽ അനുമതി ലഭിച്ച 127 പ്രവൃത്തികളിൽ ടെൻഡർ ചെയ്ത 110 പ്രവൃത്തികളും ക്വോട്ട് ചെയ്തിരുന്നത് 13 കരാറുകാർ മാത്രമാണ്. ജോലികൾ ഏറ്റെടുത്ത കരാറുകാർ ഏകദേശം 50% മുതൽ 60% വരെ അധിക നിരക്ക് ചോദിച്ചുവെങ്കിലും 10% അധിക നിരക്കിനു മാത്രം അനുമതി ലഭിച്ചതിനാൽ എഗ്രിമെന്റ് വയ്ക്കുവാൻ കരാറുകാർ തയ്യാറായില്ല. ഡിപ്പാർട്ടുമെന്റിന്റെ നിരന്തര സമ്മർദ്ദത്തിനൊടുവിൽ 49 പ്രവൃത്തികളുടെ എഗ്രിമെന്റ് വയ്ക്കുകയും പണി പുരോഗമിക്കുകയും ചെയ്തു. എന്നിട്ടും എഗ്രിമെന്റ് വയ്ക്കുവാൻ തയ്യാറാകാത്ത കോൺട്രാക്ടർമാരെ നിലവിലുള്ള നിയമം പ്രകാരം വർക്കിൽ നിന്നും ഒഴിവാക്കി. വർക്കുകൾ പുതിയതായി അറേഞ്ചു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഈ വർക്കുകൾ പുനർദർഘാസ് നടത്തുന്നതിനു വേണ്ടി പുതിയ നിരക്കിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. ഇലക്ട്രിക്കൽ പണികൾ ചെയ്യുന്നതിനുള്ള കരാറുകാരുടെ ലഭ്യതക്കുറവും പ്രവൃത്തികൾ |

...... 2.

സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസത്തിന് ഇടയാക്കുന്നുണ്ട്. കാലതാമസം ഒഴിവാക്കി പദ്ധതികൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.

(ബി) ജലവിഭവ വകുപ്പിലെ സിവിൽ, ഇലക്ട്രിക്കൽ, മെക്കാനിക്കൽ വിഭാഗങ്ങൾക്ക് പരസ്പരം സഹകരണമില്ലാത്തതിനാലാണ് പ്രസ്തുത പദ്ധതി പൂർത്തിയാക്കുന്നതിൽ കാലതാമസം നേരിടുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

**ബി)** ജലവിഭവ വകുപ്പിലെ സിവിൽ, ഇലക്ട്രിക്കൽ, മെക്കാനിക്കൽ വിഭാഗങ്ങൾ തമ്മിൽ പരസ്പരം സഹകരണമില്ലായ്മ നിലവിലില്ല.

**സെക്ഷൻ ഓഫീസർ.**